## കുറ്റിപ്പുഴ കൃഷ്ണപിള്ള

**അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ഇല്ലായ്മ ചെയ്യാൻ, കേരളത്തെ ജാതിപ്പാതാളത്തിൽ നിന്ന് കരകയറ്റാൻ ജീവിതംകൊണ്ട് പോരാടിയ സന്ന്യാസിശ്രേഷ്ഠനായിരുന്നു ശ്രീനാരായണഗുരു. ഇദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെയും സന്ദേശങ്ങളെയും ദേശകാലോചിതമായി വ്യാഖ്യാനിക്കുന്ന ലേഖനമാണ് പാഠഭാഗം.**

### പാഠസംഗ്രഹം



ഭാരതത്തിന്റെ നവോത്ഥാനത്തിനുവേണ്ടി പരിശ്രമിച്ച മഹദ്വ്യക്തികളിൽ പ്രധാനിയാണ് ശ്രീനാരായണഗുരു. സ്വന്തം നന്മയെക്കാളുപരി സമൂഹനന്മ ലക്ഷ്യമാക്കിയാണ് അദ്ദേഹം പ്രവർത്തിച്ചത്. ലക്ഷക്കണക്കിനാളുകളുടെ അന്ധകാരം നിറഞ്ഞ ജീവിതത്തിൽ പ്രകാശം പരത്തി അവരെ സ്വാതന്ത്ര്യ ബോധമുള്ളവരാക്കിത്തീർക്കാൻ ഗുരുവിനു സാധിച്ചു. ജാതിപ്പിശാചിനെ ഉച്ചാടനം ചെയ്ത് കേരളീയരെ മനുഷ്യത്വം പഠിപ്പിച്ച ഗുരുനാഥനാണദ്ദേഹം. മനുഷ്യജാതിയെ ഒന്നായിക്കണ്ട ശ്രീനാരായണഗുരു അനാചാരങ്ങൾക്കെതിരെ പട നയിച്ചു. മതപ്രമാണങ്ങളെയും തത്വസംഹിതകളെയും യുക്തിപൂർവം ചോദ്യം ചെയ്തു. ആദ്ധ്യാത്മികതയും ഭൗതികതയും ജീവിതത്തിന്റെ വേർതിരിക്കാനാവാത്ത ഘടകങ്ങളും തുല്യപ്രാധാന്യമുള്ളതുമാണ് എന്ന് ഗുരു കണ്ടെത്തി. 'മതമേതായാലും കൊള്ളാം, മനുഷ്യൻ നന്നായാൽ മതി' എന്നാണ് അദ്ദേഹം പറഞ്ഞത്. മനുഷ്യനന്മയ്ക്കാണ് അദ്ദേഹം പ്രാധാന്യം നൽകിയത്. ആ നന്മയ്ക്ക് മതം ആവശ്യമില്ലെന്ന ധ്വനികൂടി മതാതീതനായ ഈ തത്ത്വജ്ഞാനിയുടെ വാക്കുകളിലുണ്ട്. ''ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്'' എന്നതായിരുന്നു അദ്ദേഹം ഉയർത്തിപ്പിടിച്ച തത്ത്വം. അന്താരാഷ്ട്രതലത്തിൽ രൂപം പൂണ്ടു തുടങ്ങിയിരിക്കുന്ന ഏകലോകമെന്ന ആശയത്തിന്റെ മുദ്രാവാക്യമായി ഈ സന്ദേശത്തെ പരിഗണിക്കാം.

ഒരു പ്രത്യേക മതത്തെ ലക്ഷ്യമാക്കി പ്രവർത്തിച്ചെങ്കിലും അധഃസ്ഥിത സമുദായങ്ങളെ ഉയർത്തിക്കൊണ്ടുവരാനാണ് ശ്രീനാരായണഗുരു ശ്രമിച്ചത്. ക്ഷേത്രങ്ങൾക്കു പകരം വിദ്യാഭ്യാസസ്ഥാപനങ്ങളും തൊഴിൽശാലകളുമാണ് ആവശ്യമെന്ന് അദ്ദേഹം പറഞ്ഞു. കണ്ണാടിപ്രതിഷ്ഠയിലൂടെ മനുഷ്യന്റെ ധ്യാനലക്ഷ്യം മനുഷ്യൻ തന്നെയെന്നും അവന്റെ അന്തഃശക്തിയുടെ വികാസമാണാവശ്യമെന്നും അദ്ദേഹം സൂചിപ്പിച്ചു. വിദ്യാഭ്യാസം, വ്യവസായം, സംഘടന, ജീവിതശുദ്ധി ഇതെല്ലാമാണ് അധഃസ്ഥിത സമുദായങ്ങൾക്കുവേണ്ടതെന്ന് അദ്ദേഹം പറഞ്ഞിരുന്നു. കേരളമെന്ന ഭ്രാന്താലയത്തെ മനുഷ്യാലയമാക്കാനാണ് അദ്ദേഹം ശ്രമിച്ചത്. ആ മഹച്ചരിതവും മഹാസൂക്തങ്ങളും ഭാവിതലമുറകൾക്കും പ്രചോദനമാണ്.